II.ഇ.ബി. XII--കേരള നിയമസഭ/VI- 11

**പന്ത്രണ്ടാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 സെപ്റ്റംബർ 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

68 (*301) ഗൾഫ് നാടുകളിൽ ജോലിതേടുന്നതിന് സർക്കാർ തലത്തിൽ സംവിധാനം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, ഗൾഫ് നാടുകളിലേയ്ക്ക് ജോലി തേടുന്ന ഉദ്യോഗാർത്ഥികൾ രണ്ടു തരത്തിലുള്ള കബളിപ്പിക്കപ്പെടലുകൾക്ക് ഇരയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിദേശ രാജ്യങ്ങളിൽ ഉയർന്ന ശമ്പളവും താമസ സൗകര്യങ്ങളും വാഗ്ദാനം ചെയ്ത് വൻ തുക വിസാ ഫീസ് ഇനത്തിൽ കൈക്കലാക്കി ഉദ്യോഗാർത്ഥികളെ പ്രലോഭിപ്പിച്ച് വിദേശത്ത് അയയ്ക്കുകയും അവിടെ എത്തിയാൽ തീർത്തും വിപരീതമായ സാഹചര്യങ്ങളെ നേരിടേണ്ടിവന്ന് വാഗ്ദാനം ചെയ്ത ജോലിയും വേതനവും ലഭിക്കാതെ തിരികെ പോരാൻ നിർബന്ധിതരാകുകയോ പീഢനങ്ങൾ അനുഭവിച്ച് അവിടെത്തന്നെ തുടരേണ്ടിവരികയോ ആണ് ചെയ്യുന്നത്. ഇത്തരം കബളിപ്പിക്കപ്പെടലുകൾ നേരിടേണ്ടിവരുന്നവരെ ഗൾഫ്

രാജ്യങ്ങളിലെ ഇൻഡ്യൻ എംബസ്സികളുമായും കോൺസുലേറ്റുകളുമായും ബന്ധപ്പെട്ട് അടിയന്തിര ഘട്ടങ്ങളിൽ നാട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുവരികയോ അവിടെ തുടരുന്നവരുടെ പ്രശ്നങ്ങൾക്ക് സാദ്ധ്യമായ പരിഹാരം കണ്ടെത്തിക്കൊടുക്കുകയോ ചെയ്യുന്നുണ്ട്. വ്യാജ വിസകൾ/റിക്രൂട്ടിംഗ് ഏജൻസികൾ/ പത്രപരസ്യങ്ങൾ/ഇന്റർവ്യൂകൾ എന്നിവമൂലമുള്ള അനധികൃത റിക്രൂട്ട്മെന്റ് മുഖേനയുള്ള കബളിപ്പിക്കപ്പെടലുമുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത റിക്രൂട്ടിംഗ് ഏജൻസികൾക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിക്കുകയും അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നോർക്ക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'നോർക്ക-റൂട്ട്സിന്' വിദേശത്തേയ്ക്ക് ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനാവശ്യമായ ലൈസൻസ് ലഭിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഒഡെപെക്കും' ഈ രംഗത്ത് പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യം സൃഷ്ടിച്ച് വിദേശത്ത് ജോലിചെയ്യുന്നതിന് ഒഡെപെക്കിലൂടെ അവരെ തെരഞ്ഞെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. വിദേശത്ത് ജോലിതേടി പോകുന്ന മലയാളികൾ കബളിപ്പിക്കപ്പെടാതിരിക്കാൻ സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ പരാതി ലഭിച്ചാൽ അവ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കും. സ്വകാര്യ ഏജൻസികൾവഴി റിക്രൂട്ട് ചെയ്ത്

വിദേശത്തേയ്ക്ക് ജോലിതേടിപോയി വഞ്ചിതരാകുന്ന പ്രത്യേകിച്ചും സ്ത്രീകൾ അടക്കമുള്ളവരുടെ പ്രശ്നങ്ങൾക്ക് എംബസ്സികളുമായും നോർക്ക റൂട്ട്സുമായും ബന്ധപ്പെട്ട് പരിഹാരം ഉണ്ടാക്കും. പ്രവാസി വകുപ്പിന്റെ കീഴിൽ കൊച്ചിയിലെ ഫിനിഷിംഗ് സ്കൂളിന്റെ മാതൃകയിൽ കോഴിക്കോട്ടും തിരുവനന്തപുരത്തും ഫിനിഷിംഗ് സ്കൂൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുകയാണ്. വിദേശ മലയാളികളുടെ ഡേറ്റാ തയ്യാറാക്കുന്നതിന് ആരംഭിച്ച സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് വിവരങ്ങൾ വെളിപ്പെടുത്തുന്നതാണ്. വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് പണംതട്ടിയെടുക്കുന്നത് തടയുന്നതിനും അത് സംബന്ധിച്ച് അന്വേഷിക്കുന്നതിനും പോലീസ് വകുപ്പിൽ പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കും. വിദേശത്ത് ജോലിചെയ്യുന്നവർക്ക് യഥാസമയം ശമ്പളം ലഭിക്കാത്തത് സംബന്ധിച്ച പരാതികളിന്മേൽ സംസ്ഥാന ഗവൺമെന്റ് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. വ്യാജ പ്രവാസി സംഘടനകൾ പ്രവർത്തിക്കുന്നതായ പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. ശിക്ഷാകാലാവധി കഴിഞ്ഞിട്ടും വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നവരെ മോചിപ്പിക്കുന്ന കാര്യം വിദേശകാര്യ വകുപ്പിന്റേയും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പരാതികൾ ഉണ്ടെങ്കിൽ സ്പെസിഫിക്കായിട്ട് ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. എംബസ്സികളിൽ കൂടുതൽ മലയാളി ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യവും നോർക്കയ്ക്ക് എംബസ്സിയിൽ ഒരു പ്രത്യേക സെൽ തുടങ്ങുന്നകാര്യവും പരിശോധിക്കുന്നതാണ്. കേന്ദ്ര പ്രവാസികാര്യ വകുപ്പുമായി സഹകരിച്ച് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ യഥാർത്ഥ

സ്ഥിതിയെക്കുറിച്ച് പഠനം നടത്തുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. വിദേശ ഡിഗ്രി സമ്പാദനവുമായി ബന്ധപ്പെട്ട് കെണിയിലകപ്പെട്ടവരുടെ വിശദാംശങ്ങൾ ഗവൺമെന്റിനെ അറിയിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കും. ഗൾഫിൽ മരണമടയുന്നവരുടെ വിവരം ഗവൺമെന്റിന് ലഭിച്ചാൽ ഉടൻതന്നെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്. വ്യക്തമായ വിവരം ലഭിച്ചാൽ മസ്ക്കറ്റിൽ മരണപ്പെട്ട നിജു ജോസഫിന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വിദേശത്ത് മരണമടയുന്ന പാവപ്പെട്ട മലയാളികളുടെ മക്കൾക്കുവേണ്ടി ഒരു വിദ്യാഭ്യാസ സഹായ പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് കഴിയുന്നത്ര വേഗത്തിൽ ഒരു രൂപമുണ്ടാക്കുന്നതാണ്. കോഴിക്കോട് വിമാനത്താവളത്തിൽ വിമാനങ്ങൾ റദ്ദ് ചെയ്യുന്നതുമൂലം വിദേശത്തേയ്ക്ക് ജോലിതേടി പോകുന്നവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തുന്നതിന് സ്വകാര്യ വിമാന കമ്പനികളുമായി ചർച്ചകൾ നടത്തുകയും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ആ മേഖലയിലേയ്ക്ക് കൂടുതൽ വിമാനങ്ങൾ അനുവദിക്കുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയുമാണ്. പ്രവാസി മലയാളികൾക്ക് ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്. വിദേശ മലയാളികൾക്കായി കേരളത്തിൽ കോൺസലേറ്റ് ആരംഭിക്കുന്നതിനായി കേന്ദ്രത്തിൽ നിവേദനം നൽകുന്നതാണെന്നും വിദേശ മലയാളികളെ സംരക്ഷിക്കുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചുവരുകായണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

69 (*302) റേഷൻ വിതരണത്തിൽനിന്ന് മൊത്ത വ്യാപാരികളെ ഒഴിവാക്കാൻ നടപടി

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, നിലവിലുള്ള റേഷൻ വിതരണ സമ്പ്രദായങ്ങൾ കാര്യക്ഷമമാക്കാൻ പല മാർഗ്ഗങ്ങളും സർക്കാർ സ്വീകരിച്ചുവരികയാണെന്നും റേഷൻ വിതരണത്തിൽനിന്ന് മൊത്തവ്യാപാരികളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും സംസ്ഥാനത്താകെ 336 മൊത്തവ്യാപാര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേരളത്തിൽ സ്വകാര്യമേഖലയിൽ 228-ഉം സഹകരണ മേഖലയിൽ 12-ഉം സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ കീഴിൽ 9-ഉം റേഷൻ മൊത്തവ്യാപാര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൊത്തവ്യാപാര കേന്ദ്രങ്ങളെ പൊതുമേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഘട്ടംഘട്ടമായ പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സഹകരണ സംഘങ്ങൾ മുന്നോട്ടു വരികയാണെങ്കിൽ റേഷൻ മൊത്തവിതരണം അവരെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ പോകുന്നത് തടയണമെന്ന് കേന്ദ്രസർക്കാർ സംസ്ഥാന ഗവൺമെന്റിനോട് അടിയ്ക്കടി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്രകാരമുള്ള തിരിമറി ഒഴിവാക്കി റേഷൻ വിതരണം കാര്യക്ഷമമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. റേഷൻ മൊത്തക്കച്ചവടക്കാരിൽ നിന്നാണ് റേഷൻ സാധനങ്ങൾ കരിഞ്ചന്തയിലേയ്ക്ക് എത്തുന്നതെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും റേഷൻ മൊത്തവ്യാപാരം പൊതുമേഖലയിലാണ്. ഈ സമ്പ്രദായം

നടപ്പിലാക്കാൻ കഴിയുമോ എന്നാണ് ഇപ്പോൾ പരിശോധിക്കുന്നത്. കരിഞ്ചന്ത ഫലപ്രദമായി തടയുന്നതിന് നിലവിലുള്ള സംവിധാനം കൂടുതൽ ഊർജ്ജിത മാക്കിയിട്ടുണ്ട്. ജില്ലാ/താലൂക്ക് സപ്ലൈ ആഫീസർമാർ റേഷൻ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ നിരന്തരമായി പരിശോധിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികളും, പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും കരിഞ്ചന്തയ്ക്കെതിരായ നടപടികളിൽ ഗവൺമെന്റിനെ സഹായിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സംയുക്ത സ്ക്വാഡുകളും റെയ്ഡുകൾ നടത്തുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എഫ്.സി.ഐ. ഗോഡൗണിൽനിന്നും ഭക്ഷ്യധാന്യങ്ങൾ മറ്റു സംസ്ഥാനങ്ങളിലേയ്ക്കും സ്വകാര്യ സ്ഥലങ്ങളിലേയ്ക്കും കൊണ്ടുപോയ ആയിരക്കണക്കിന് കേസ്സുകൾ പിടിച്ചിട്ടുണ്ട്. റേഷൻ മൊത്തവ്യാപാര രംഗത്തെ അഴിമതി കണ്ടുപിടിക്കുന്നതിന് സെക്രട്ടേറിയറ്റ് കേന്ദ്രീകരിച്ച് വിജിലൻസ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. അവർ നേരിട്ട് ഫുഡ് ആന്റ് സിവിൽസപ്ളൈസ് സെക്രട്ടറിക്ക് റിപ്പോർട്ട് കൊടുക്കും. അതിന്റെ അടിസ്ഥാനത്തിൽ 37 ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും 7 വാഹനങ്ങൾ പിടിച്ചെടുക്കുകയും ഒരു കുറ്റവാളിയെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്. ചില ഉദ്യോഗസ്ഥരേയും ശിക്ഷയ്ക്ക് വിധേയരാക്കിയിട്ടുണ്ട്. ഭക്ഷ്യ സാധനങ്ങളുടെ അളവിലും തൂക്കത്തിലും കൃത്യത വരുത്തുന്നതിന് ഫുഡ് ആന്റ് സിവിൽ സപ്ളൈസ് ഗോഡൗണിലും റേഷൻ കടകളിലും ഇലക്ട്രോണിക് വേയിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കുക്കിംഗ് ഗ്യാസ്

കരിഞ്ചന്തയിലേയ്ക്ക് പോകുന്നത് തടയുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലെ ഓയിൽ കമ്പനികൾ നേരിട്ടാണ് ഏജൻസികളെ ഏർപ്പാട് ചെയ്യുന്നത്. എൽ.പി.ജി. സിലിണ്ടറുകൾ വിതരണം നടത്തുന്നത് അവരുടെ നിയന്ത്രണത്തിലാണ്. സംസ്ഥാന ഗവൺമെന്റിന് അതിൽ അഡ്വൈസറി സ്വഭാവം മാത്രമാണുള്ളത്. ഈ രംഗത്ത് നടക്കുന്ന ക്രമക്കേടുകൾ ബോധ്യപ്പെട്ടതിനെത്തുടർന്ന് ഓയിൽ കമ്പനികൾ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫുഡ് ആന്റ് സിവിൽ സപ്ളൈസ് സെക്രട്ടറി എണ്ണ കമ്പനികളുടെ പ്രതിനിധികളുമായി കോൺഫറൻസ് നടത്തുന്നുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്നാണ് അവർ അവകാശപ്പെടുന്നത്. വികലാംഗ സംരക്ഷണ സ്ഥാപനങ്ങൾ പോലെയുള്ളവയ്ക്ക് ഡൊമസ്റ്റിക് നിരക്കിൽ നൽകിക്കൊണ്ടിരുന്ന കുക്കിംഗ് ഗ്യാസ് സിലിണ്ടറുകൾക്ക് ഇപ്പോൾ കൊമേഷ്സ്യൽ റേറ്റ് ഈടാക്കണമെന്ന നിർദ്ദേശം സംബന്ധിച്ച് സ്റ്റേറ്റ് ഗവൺമെന്റിന്റെ പ്രതിഷേധം കേന്ദ്രഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 15.75 ലക്ഷം കുടുംബങ്ങളെയാണ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റേഷൻ കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർവ്വേ നടത്തി സ്വീകരിച്ച പുതിയ എ.പി.എൽ./ബി.പി.എൽ. മാനദണ്ഡങ്ങൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് മുക്കം കേന്ദ്രീകരിച്ച് റേഷൻ ഹോൾ സെയിൽ അനുവദിച്ചത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റേഷൻ കടക്കാർക്ക് കൊടുക്കുന്ന കമ്മീഷനെ സംബന്ധിച്ച് പരിശോധിക്കാൻ ഈ ഗവണ്മെന്റ്

നിയമിച്ച കമ്മീഷന്റെ റിപ്പോർട്ട് ധനകാര്യ വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള അഡ്വൈസറി കമ്മിറ്റികൾ സജീവമായി പ്രവർത്തിപ്പിച്ചുകൊണ്ട് അവർ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിന് അരി എത്തിക്കുന്നതിലുണ്ടായ വീഴ്ച രണ്ട് ദിവസത്തിനകം ഗവൺമെന്റ് പരിഹരിക്കുന്നതാണ്. റേഷൻ ഹോൾ സെയിൽ ഡിപ്പോകൾ പൊതുമേഖലയിൽ കൊണ്ടുവരുന്നതിന് എറണാകുളത്ത് ഒരു പൈലറ്റ് പ്രോജക്ട് തയ്യാറാക്കി, ഇക്കാര്യത്തിലുണ്ടാകുന്ന സാമ്പത്തിക ബാധ്യതയെ സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും ഒരു ജില്ലയിൽ നടപ്പിലാക്കി അത് മോണിറ്റർ ചെയ്തുകഴിഞ്ഞാൽ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ ശ്രമിക്കുന്നതാണെന്നും ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

70 (*303) <u>കണ്ണൂരിൽ നാഷണൽ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്</u>

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, കേരള വ്യവസായ വകുപ്പുമന്ത്രി കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രി ശ്രീ.ശങ്കർസിംഗ് വഗേലയുമായി നടത്തിയ കൂടിക്കാഴ്ചയുടേയും, അഭ്യർത്ഥനയുടെയും ഫലമായി കേരളത്തിൽ NIFT-ന്റെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ കുറച്ചു കാലമായി നിലനിൽക്കുന്ന ആവശ്യം അംഗീകരിക്കാമെന്ന് ഉറപ്പ് കിട്ടിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരള സർക്കാർ കേരളത്തിൽ NIFT-ന്റെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി കിൻഫ്രയെ നോഡൽ ഏജൻസിയായി

നിയമിച്ചിട്ടുണ്ട്. ഇതിനുവേണ്ടി സംസ്ഥാന സർക്കാർ മൂന്ന് കോടി രൂപ ഇതുവരെയായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഒരു കോടി രൂപ കിൻഫ്രയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ മോറാഴ വില്ലേജിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 3.77 ഹെക്ടർ സ്ഥലം NIFT-ന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയാണ്. കേന്ദ്ര മന്ത്രിയുടെ നിർദ്ദേശ പ്രകാരം കിൻഫ്ര NIFT-ന്റെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന വ്യവസായ വകുപ്പുവഴി കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ കേരള സർക്കാരിന് നൽകിയ വിവരം അനുസരിച്ച് ഈ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള മുഴുവൻ ചെലവും സംസ്ഥാന സർക്കാർ തന്നെ വഹിക്കേണ്ടതാണ്. ഈ പദ്ധതിക്ക് ആവശ്യമായ 12 ഏക്കർ സ്ഥലവും, പൂർണ്ണമായി അടിസ്ഥാന സൗകര്യ വികസനത്തിനുള്ള 58.65 കോടി രൂപയും ഘട്ടം ഘട്ടമായി സംസ്ഥാന സർക്കാർ നൽകേണ്ടതുണ്ട്. എന്നാൽ മുൻകാലങ്ങളിൽ നടപ്പിലാക്കിയ NIFT സെന്ററുകൾക്ക് ആവശ്യമായ സ്ഥലം മാത്രമേ മറ്റ് സംസ്ഥാന സർക്കാരുകൾ നൽകിയിട്ടുള്ളൂ. അടിസ്ഥാന സൗകര്യത്തിന് ആവശ്യമായ മുഴുവൻ തുകയും NIFT നേരിട്ട് വഹിച്ചിട്ടുള്ളതായാണ് അറിയാൻ കഴിഞ്ഞത്. 14-09-2007-ന് ചേർന്ന NIFT-ന്റെ ഡയറക്ടർ ബോർഡ് യോഗം ഈ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. ഈ പ്രോജക്ടിന്റെ ഫീസിബിലിറ്റി റിപ്പോർട്ട്

സമർപ്പിക്കുന്നതിന് വേണ്ടി ഒരു സംഘം ഉദ്യോഗസ്ഥരെ ഉടൻതന്നെ കേരളത്തിലേയ്ക്ക് അയയ്ക്കുമെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയുംപെട്ടെന്ന് NIFT സെന്റർ കേരളത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ കിൻഫ്ര ഏകോപിപ്പിക്കുന്നതാണ്. കേന്ദ്ര വാണിജ്യ വകുപ്പാണ് കണ്ണൂരിനെ ടൗൺ ഓഫ് എക്സ്പോർട്ട് എക്സലൻസ് ആയി പ്രഖ്യാപിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഐ.ഐ.എം. തയ്യാറാക്കിയ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യാപാരികളുടെ സംഘടനകളുമായി ചർച്ച നടത്തിവരികയാണ്. ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്ഥലം അനുവദിച്ചാൽ മതിയെന്ന നിലപാടിൽനിന്ന് NIFT മാറി. എല്ലാ അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാന ഗവൺമെന്റ് നൽകാമെന്ന് അറിയിച്ചാൽ മാത്രമേ NIFT കേന്ദ്രം നൽകൂവെന്നാണ് NIFT-ന്റെ ബോർഡ് ഓഫ് ഡയറക്ടർ അറിയിച്ചത്. 2005-ലാണ് കേരളത്തിൽ ഇങ്ങനെ ഒരു കേന്ദ്രം സ്ഥാപിക്കുമെന്ന് അറിയിച്ചത്. അവിടെ ക്ളാസ് തുടങ്ങുന്നതിന് താൽക്കാലികമായി കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാമെന്ന് ഗവൺമെന്റ് ഉറപ്പു നൽകിയെങ്കിലും അത് പൂർണ്ണമായ നടപടിയിലെത്തിയില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്. നാടുകാണി ടെക്സ്റ്റൈൽ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർണ്ണതയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. മിക്കവാറും അടുത്ത മാസം ഭൂമി അലോട്ടുചെയ്യാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. സംസ്ഥാനത്ത് NIFT സ്ഥാപിക്കുന്നതോടുകൂടി ഗാർമെന്റ്

മേക്കിംഗ് വ്യവസായ മേഖലയിൽ ധാരാളം തൊഴിൽ അവസരങ്ങൾ ഉണ്ടാകും. കേരളത്തിന്റെ ഭാവി വളർച്ചയ്ക്ക് സാധ്യതയുള്ള മേഖലയാണ്. കൂത്തുപറമ്പിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ ഒരു ഗാർമെന്റ് വ്യവസായ യൂണിറ്റ് ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

71(*304) <u>അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണത്തിലൂടെ അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്ന തിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിന്റേയും അവയുടെ അടച്ചുപൂട്ടൽ ഒഴിവാക്കുന്നതിന്റേയും ഭാഗമായി ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം നടത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി വൈദ്യുതി, ആരോഗ്യം, ജലവിഭവം, ഗതാഗതം, എന്നീ വകുപ്പുകളേയും അവയുടെ അധീനതയിലുള്ള സ്ഥാപനങ്ങളേയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ വകുപ്പ് മന്ത്രി മീറ്റിംഗ് വിളിച്ചുകൂട്ടി വിവിധ വകുപ്പുകൾക്ക് ആവശ്യമുള്ള ഉൽപ്പന്നങ്ങളെ സംബന്ധിച്ചും അവ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും കമ്പനികൾക്ക് ഓർഡറുകൾ

ലഭിക്കുന്നതിനുള്ള കരാറിന്മേൽ തീരുമാനമായിട്ടുണ്ട്. ഇതിന്റെ ഫലമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന് കെ.എസ്.ഇ.ബി. യിൽ നിന്നും ഓർഡറുകൾ ലഭിക്കുകയും, കമ്പനി 2006-07- ൽ റെക്കോർഡ് ഉൽപ്പാദനം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി ചാർജ്ജിന്മേൽ കുടിശ്ശിക വരുത്തിയതിനാൽ കണക്ഷൻ വിച്ഛേദിച്ച സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് ആരോഗ്യവകുപ്പിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനു വേണ്ടി പ്രവർത്തന മൂലധന സഹായവും ആരോഗ്യ വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡും (ടെൽക്ക്) കേന്ദ്ര പൊതുമേഖലാ വൈദ്യുത ഉൽപ്പാദന കമ്പനിയായ നാഷണൽ തെർമൽ പവ്വർ കോർപ്പറേഷൻ ലിമിറ്റഡും (എൻ.ടി.പി.സി ) സംയുക്ത സംരംഭത്തിന് തീരുമാനിച്ചിരിക്കുകയാണ്. ഈ സംരംഭം ആരംഭിക്കുന്നതിനുള്ള കരാറിൽ 23.06.2007 -ൽ ഒപ്പുവെച്ചിട്ടുണ്ട്. ഈ കരാർ ടെൽക്കിന്റെ വൻ വികസനത്തിനും ആധുനികവൽക്കരണ ത്തിനും വഴിവെക്കുമെന്നാണ് കരുതുന്നത്. KELTEC, SIFL, KELTRON Units, Autocast എന്നീ കമ്പനികൾക്ക് വി.എസ്.എസ്.സി.-യിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ Kerala State Electronics Development Corporation Limited, KELTEC, SIFL, KEL എന്നീ സ്ഥാപനങ്ങൾക്ക് കേന്ദ്ര പ്രതിരോധവകുപ്പിൽ നിന്നും Steel Complex Limited- ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ

Steel Authority of India Limited (SAIL)-ൽനിന്നും ഓർഡറുകൾ ലഭ്യമാകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ Steel Authority of India Limited (SAIL) -ന്റെ സഹക രണത്തോടെയുള്ള ഒരു പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ SAIL- ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാൻസ്പോർട്ട് വകുപ്പും വാട്ടർ റിസോഴ്സസ് വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഓർഡറുകൾ ലഭ്യമാക്കാമെന്ന് ധാരണയായിട്ടുണ്ട്. ഇത്തരം നടപടികളുടെ ഫലമായാണ് Steel Industries Kerala Limited- ന്റെ അനുബന്ധ സ്ഥാപനമായ Autocast Limited–ന്റേയും ചേർത്തലയിലുള്ള Steel Fabrication Unit–ന്റെയും സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ റെയിൽവേയ്ക്കാവശ്യമായ വാഗണുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 2007-08 -ലെ റെയിൽവേ ബഡ്ജറ്റിൽ അനുമതി നൽകിയത്. ഈ പദ്ധതി പീഡിത വ്യവസായങ്ങളായി പ്രഖ്യാപിച്ച Steel Industries Kerala Limited, Autocast Limited എന്നിവയുടെ പുന:രുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സഹായകരമായിരിക്കും. കൂടാതെ ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ആലപ്പുഴ, എറണാകുളം മേഖലകളിൽ ധാരാളം അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളുമുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്ത് തുകയുടെ നിക്ഷേപം വേണ്ടി വരുമെന്ന് പഠനം നടത്തുന്നതിനായി റെയിൽവേ കൺസൾട്ടൻസി സ്ഥാപന

മായ RITES Ltd (Rail India Technical & Economic Services Limited)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

72 (*306) "ജൈവ വൈവിധ്യ സംരക്ഷണം"

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് 28-02-2005-ലാണ് കേരള സംസ്ഥാന ജൈവ വൈവിധ്യബോർഡ് രൂപീകരിക്കപ്പെട്ടതെന്നറിയിച്ചു. പ്രസ്തുത ബോർഡ് ജൈവ കൃഷി നയത്തിന്റെ കരട് തയ്യാറാക്കുകയും ഇതു സംബന്ധിച്ച് ഈ മേഖലയിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ശിൽപശാല നടത്തുകയും ചെയ്തു. ഇതിൽനിന്നും ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ജൈവകൃഷി നയത്തിന് അന്തിമ രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്.

73 (*309) എൽ.എൻ.ജി.ടെർമിനൽ

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനൽ ആരംഭിക്കുന്നതിനുവേണ്ട സ്ഥലവും ആവശ്യമായ Environment,CRZ,SEZ തുടങ്ങിയ എല്ലാ ക്ളിയറൻസുകളും Co-developer Status -ഉം ലഭിച്ചിട്ടുണ്ടെന്നറിയിച്ചു. പദ്ധതിയുടെ Lease Agreement- ന്റെ കരാറിന് കേന്ദ്ര തുറമുഖ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സർക്കാർ നടപടികൾ എടുത്തുവരുന്നു. പ്രസ്തുത പദ്ധതിയുടെ Site clearing, Boundary Wall Construction എന്നിവ തുടങ്ങിക്കഴിഞ്ഞു.

Engineering Procurement & Construction (EPC) Contract -ന്റെ അന്തിമ തീരുമാനമായാൽ Plant- ന്റെ നിർമ്മാണം തുടങ്ങുന്നതാണ്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

81 (2070) <u>സെക്രട്ടേറിയറ്റ് 'ടോട്ടൽ ഓട്ടോമേഷൻ'</u>

സെക്രട്ടേറിയറ്റ്, വൈഡ് ഏരിയാ നെറ്റ്‌വർക്ക് പദ്ധതിയുടെ ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടുത്ത വർഷത്തേയ്ക്ക് ബാക്കി ഭാഗവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് അതുവഴി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന സാദ്ധ്യമായ പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നതാണ്. വിവിധ വകുപ്പ് ആസ്ഥാനങ്ങൾ, കളക്ടറേറ്റുകൾ, താലൂക്കാഫീസുകൾ, വില്ലേജാഫീസുകൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്‌വർക്ക് പദ്ധതിയും നടപ്പിലാക്കിവരുന്നു.

82 (2071) <u>മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18-5-2006 മുതൽ 31-8-2007 വരെ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ 7014 പരാതികൾ ലഭിക്കുകയും അതിൽ 4850 എണ്ണത്തിൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

83 (2077) <u>ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ</u>

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നിലവിലുണ്ട്. ഈ കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങൾ അക്ഷയ സെന്ററുകൾ വഴി പഞ്ചായത്ത്തലത്തിൽ ലഭ്യമാണ്. കൂടാതെ

താലൂക്ക്തലത്തിലും വിപുലീകരിക്കാൻ പദ്ധതിയുണ്ട്. പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയും ഇക്കാര്യം ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലൂടെ KSEB, KWA, Motor Vehicles Dept., BSNL (മൊബൈൽ/ലാന്റ്ലൈൻ) റവന്യൂ, സിവിൽസപ്ളൈസ് മുതലായ വകുപ്പുകൾ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/യൂണിവേഴ്സിറ്റികൾ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. റെയിൽവേ റിസർവേഷൻ, എൽ.ഐ.സി, പാസ്പോർട്ട് ആപ്ളിക്കേഷൻ സ്വീകരിക്കൽ മുതലായ പുതിയ സേവനങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ട്.

84 (2108) <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി</u>

22-07-2007 മുതൽ 10-09-2007 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സർക്കാർ/അർദ്ധ സർക്കാർ/ബോർഡ് ജീവനക്കാരിൽനിന്നുമായി 14,67,237 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

85 (2165&2167) <u>ഭക്ഷ്യകിറ്റ് വിതരണം</u>

പകർച്ചപ്പനി ബാധിതർക്ക് സിവിൽ സപ്ളൈസ് കോർപ്പറേഷൻ 10-09-2007 വരെ 355607 സൗജന്യ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഈയിനത്തിൽ സിവിൽ സപ്ളൈസ് കോർപ്പറേഷന് 9 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

86 (2175) <u>പോളിക്ളിനിക്കുകൾ</u>

മൃഗസംരക്ഷണ വകുപ്പിൽ 47 വെറ്ററിനറി പോളിക്ളിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. പോളിക്ളിനിക്കുകൾ ഇല്ലാത്ത 14 താലൂക്കുകളിൽ

അവ ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

87 (2183) <u>വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുവാൻ നടപടി</u>

സംസ്ഥാനത്ത് വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് 2005-ൽ രൂപീകരിക്കപ്പെട്ട വിദഗ്ദ്ധ കമ്മിറ്റിയുടെ വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കരട് ബിൽ നിയമം, ധനകാര്യം എന്നീ വകുപ്പുകളുടെ പരിഗണനയ്ക്കായി അയച്ചിരിക്കുകയാണ്. വയനാട് ജില്ലയിലെ പൂക്കോട് വെറ്ററിനറി കോളേജ് കാമ്പസിൽ പ്രസ്തുത സ്ഥാപനം കഴിയുന്നത്ര വേഗത്തിൽ സ്ഥാപിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.